HON'BLE MR. T. M. VARGHESE : അങ്ങനെയല്ല. ആ ഉദ്യോഗസ്ഥൻ ശിക്ഷയ്ക്ക് അർഹനാണോ അല്ലയോ എന്നുള്ളതിനെപ്പറ്റി റിപ്പോർട്ടിൽ ഇല്ല. ഒരു പ്രത്യേകകാര്യം അന്വേഷിക്കുന്നതിനാണ് എൻകപ്പറി ആഫീസറോട് ആവശ്യപ്പെട്ടത്. ആ ഉദ്യോഗസ്ഥൻ ശിക്ഷാർഹനാണോ അല്ലയോ എന്നുള്ള കാര്യത്തിൽ അദ്ദേഹത്തിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല. അതു തീരുമാനിക്കേണ്ടതു ഗവണ്മെന്റു മാത്രമാണ്. ആ ഉദ്യോഗസ്ഥൻ ചില വീഴ്ചകൾ ചെയ്തതിന്റെ ഫലമായിട്ട് ഗവണ്മെന്റിനു കുറെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നും അതു് എങ്ങനെ പരിഹരിക്കാം എന്നും മറ്റുമുള്ള സംഗതികളാണു റിപ്പോർട്ട് ആവശ്യപ്പെട്ടത്. അതിന്റെ സകല വിവരങ്ങളും നോക്കി തീരുമാനിക്കുന്നതിനു സ്വല്പം സമയം കൂടി വേണം.

MR. P. K. RAMAN (*Sherthalai II—General*): ചോദ്യങ്ങൾക്കു മറുപടി പറയുന്നതു് പ്രസ്താവനയുടെ രൂപത്തിലാകാമോ?

MR. PRESIDENT : മറുപടി വ്യക്തമാകണമെങ്കിൽ കുറെ വിവരമായി പറയുവാനുണ്ടായിരിക്കും.

MR. K. R. ELANKATH : ഒരുദ്യോഗസ്ഥന്റെ പേരിൽഗൌരവതരമായ ആരോപണങ്ങൾ ഉണ്ടെന്നും അതിനെപ്പറ്റി അന്വേഷിക്കേണ്ട ആവശ്യമുണ്ടെന്നും പ്രതീക്ഷിക്കുന്ന സ്ഥിതിക്ക്; ആ ഉദ്യോഗസ്ഥനെ ഈ അന്വേഷണസമയത്തു് ഡിപ്പാർട്ടുമെന്റിൽ വച്ചുകൊണ്ടിരിക്കുന്നതു വിഹിതമാണോ ?

HON'BLE MR.T. M. VARGHESE : അതു് ഗവണ്മെന്റിന്റെ അഭിപ്രായംപോലെ ചെയ്യാവുന്നതാണ്. അങ്ങനെ വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു ദോഷമില്ലെന്നു കണ്ടു. ചില വിവരങ്ങൾ അറിയേണ്ടതുണ്ട്. അതിന്റെ കാര്യം തീരുമാനിക്കുന്നതുവരെ അദ്ദേഹത്തെ മാറ്റേണ്ട ആവശ്യമില്ല.

MR. K. R. ELANKATH : വിവരങ്ങൾ അറിയേണ്ടതു് ഡിപ്പാർട്ടുമെന്റിൽനിന്നോ പൊതുജനങ്ങളിൽനിന്നോ?

HON'BLE MR. T. M. VARGHESE : ജനങ്ങളിൽ നിന്നല്ല.

MR. ABDUL AZIZ : അതു് തീരുമാനിക്കുന്നതിനും മറ്റും ഇനിയും ഒരു കമ്മീഷനൊ മറ്റൊ വേണോ?

HON'BLE MR. T. M. VARGHESE : ആവശ്യമില്ല.

Income and Expenditure of the Transport Department.

5. MR. V. A. ABDUL AZIZ : Will the Honourable Minister for Transport be pleased to state the income and expenditure of the Department each year ending with 1947?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE : ഫ ഫ ഫ മുതൽ ഫ ഫ വ വരെയുള്ള വരവുചെലവു കണക്കുകളുടെ ഒരു സ്റ്റേറ്റുമെൻറ് വച്ചിട്ടുണ്ട്.

MR. JOSEPH MALIECKAL : മേശമേൽ വച്ചിട്ടുണ്ടെന്ന് പറയുന്നു. എന്നാൽ അതു് ചെയർമാന്റെ ടേബിളിലൊ സെക്രട്ടറിയുടെ ടേബിളിലൊ?

MR. PRESIDENT: മേശമേൽ എന്നു പറഞ്ഞാൽ സെക്രട്ടറിയുടെ ടേബിളിലാണ്.

MR. K. R. ELANKATH : ഇതിനു മുമ്പുവരെ ടേബിളിൽ എന്നു പറഞ്ഞാൽ ചെയർമാന്റെ ടേബിളിൽ ആണു. ഇപ്പോൾ അതിൻ മാറ്റം വരുത്തിയിരിക്കുന്നതുകൊണ്ടു് ഉപചോദ്യങ്ങൾ ചോദിക്കുന്നതിനു് നിവൃത്തിയില്ലാതായിരിക്കുന്നു.

HON'BLE MR. T. M. VARGHESE : വേണമെങ്കിൽ ഞാൻ അതു വായിക്കാം.

The income and expenditure of the Transport department :

Year	Income. Rs.	Ch.	C.	Expenditure. Rs.	Ch.	C.
1938/1113	3,56,253	22	10	3,04,433	18	2
1938-39/1114	8,87,531	24	9	8,70,516	4	12
1939-40/1115	13,95,009	23	4	13,72,320	13	11
1940-41/1116	16,38,805	0	3	16,19,997	8	7
1941-42/1117	20,99,969	10	9	18,35 399	9	6
1942-43/1118	30,15,467	7	8	21,44,428	7	2
1943-44/1119	37,78,891	5	14	24,93,330	10	7
1944-45/1120	45,47,172	26	14	30,68,152	24	15
19451 6/1121	60,54,407	2	14	40,85,615	19	14
1946-47/1122	74,38,180	22	3	49,94,410	25	6

WRITTEN ANSWERS.

City Corporation.

6. MR. T. T. KESAVAN SASTRI (*Kunnathnad I—Pulaya Reserved*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ കൌൺസിൽ അംഗങ്ങളുടെ ആകെ എണ്ണം എത്രയെന്നും, അതിൽ തെരഞ്ഞെടുക്കപ്പെട്ടവർ എത്രയെന്നും, നോമിനേറ്റു ചെയ്യപ്പെട്ടവരുടെ എണ്ണം എത്രയെന്നും, പറയാൻ മേയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly